**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 63** **30-06-2022 - ൽ മറുപടിയ്ക്ക്**

**ബഫർ സോൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ. എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയോദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും ഒരു കിലോമീറ്റർ ചുറ്റളവിൽ ബഫർ സോണായി പ്രഖ്യാപിച്ചുകൊണ്ടുള്ള സുപ്രീം കോടതി വിധി സംസ്ഥാനത്തെ മലയോര കർഷകരെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ബഹു.സുപ്രീം കോടതിയുടെ 03-06-2022-ലെ IA-1000/2003 നമ്പർ കേസിലെ ഉത്തരവ് പ്രകാരം ദേശീയോദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും നിശ്ചയിക്കപ്പെട്ട അതിരിൽ നിന്നും ഒരു കിലോ മീറ്റർ ചുറ്റളവ് വരെ ഇക്കോ സെൻസിറ്റീവ് സോണായി (ESZ) പ്രഖ്യാപിക്കുമ്പോൾ, മലയോര മേഖലയിലെ ജനവാസ കേന്ദ്രങ്ങളെ ബാധിക്കുമെന്ന കാര്യം ഗൗരവത്തോടെയാണ് കാണുന്നത്. |
| (ബി) | പ്രസ്തുത വിഷയത്തിൽ സംസ്ഥാനം ഫയൽ ചെയ്ത റിവ്യൂ പെറ്റീഷൻ സുപ്രീം കോടതിയുടെ പരിഗണനയ്ക്ക് വരുന്നതിനുമുമ്പായി ബഫർ സോണുകളിൽ സമഗ്രമായ സർവ്വേ നടത്തി ജനവാസ കേന്ദ്രങ്ങൾ അടയാളപ്പെടുത്തി മേഖലയിൽ ഉണ്ടാകാനിടയുള്ള പ്രത്യാഘാതങ്ങൾ ബോധ്യപ്പെടുത്തുന്നതിന് തയ്യാറാകുമോ; | (ബി) | സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് ഈ പ്രദേശങ്ങൾ ഇക്കോ സെൻസിറ്റീവ് സോണായി പ്രഖ്യാപിച്ചാൽ അത് ജനവാസ മേഖലകളെ എങ്ങനെ ബാധിക്കുമെന്ന കാര്യവും അതിന്റെ പ്രത്യാഖാതങ്ങളും ബന്ധപ്പെട്ട അധികാര സ്ഥാനങ്ങളെ ബോധ്യപ്പെടുത്തുന്നതാണ്. നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ, ബഹു. സുപ്രീം കോടതിയുടെ ശ്രദ്ധയിൽ പ്പെടുത്തി, അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യ പ്പെടുന്നതിനും, ബഹു.സുപ്രീം കോടതിയുടെ ഉത്തരവിന്മേൽ, റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും, കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ, കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും, ബഹു.സുപ്രീം കോടതിയെയും ബോദ്ധ്യപ്പെടുന്നതിനുമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും കേന്ദ്ര സർക്കാരിന് കത്തയക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ പരിശോധിച്ച ശേഷം, ജനവാസ കേന്ദ്രങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള, കേരള സംസ്ഥാന റിമോർട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് എത്രയും വേഗം പഠന റിപ്പോർട്ട് തയ്യാറാക്കുവാനുള്ള നടപടി സ്വീകരിച്ച് വരുന്നു. തുടർ നടപടി സ്വീകരിക്കുമ്പോൾ ഇതര വകുപ്പുകളുടെ സഹകരണം ആവശ്യമെങ്കിൽ സ്വീകരിക്കുന്നതാണ്. പഠന റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | റിവ്യൂ പെറ്റീഷൻ പരിഗണിക്കുമ്പോൾ സംസ്ഥാനത്തിന് അനുകൂലമായ സാഹചര്യം ഒരുക്കുന്നതിന് ശാസ്ത്രീയ അടിത്തറയുള്ള പഠന റിപ്പോർട്ട് അനിവാര്യമായതിനാൽ വനം, റവന്യൂ, കൃഷി, തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ ഏകോപനത്തോടെ സർവ്വേ നടത്തി പഠന റിപ്പോർട്ട് പ്രസിദ്ധീകരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് ഈ പ്രദേശങ്ങൾ ഇക്കോ സെൻസിറ്റീവ് സോണായി പ്രഖ്യാപിച്ചാൽ അത് ജനവാസ മേഖലകളെ എങ്ങനെ ബാധിക്കുമെന്ന കാര്യവും അതിന്റെ പ്രത്യാഘാതങ്ങളും ബന്ധപ്പെട്ട അധികാര സ്ഥാനങ്ങളെ ബോധ്യപ്പെടുത്തുന്നതാണ്. നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ, ബഹു. സുപ്രീം കോടതിയുടെ ശ്രദ്ധയിൽ പ്പെടുത്തി, അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യ പ്പെടുന്നതിനും, ബഹു.സുപ്രീം കോടതിയുടെ ഉത്തരവിന്മേൽ, റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും, കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ, കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും, ബഹു.സുപ്രീം കോടതിയെയും ബോദ്ധ്യപ്പെടുന്നതിനുമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും കേന്ദ്ര സർക്കാരിന് കത്തയക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ പരിശോധിച്ച ശേഷം, ജനവാസ കേന്ദ്രങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ |

| | | | |
|---|---|---|---|
| | | | വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള, കേരള സംസ്ഥാന റിമോർട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് എത്രയും വേഗം പഠന റിപ്പോർട്ട് തയ്യാറാക്കുവാനുള്ള നടപടി സ്വീകരിച്ച് വരുന്നു. തുടർ നടപടി സ്വീകരിക്കുമ്പോൾ ഇതര വകുപ്പുകളുടെ സഹകരണം ആവശ്യമെങ്കിൽ സ്വീകരിക്കുന്നതാണ്. പഠന റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ